Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചിയിൽ വച്ച് 2014 ജനുവരിയിൽ നടക്കുന്ന നിക്ഷേപസംഗമം (പി.പി.പി.) - മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷനുകൾ - തനത് ഫണ്ടിൽ നിന്നും സംഭാവന നൽകൽ - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം.3089/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.12.2013.

പരാമർശം:- 1. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരളയുടെ ചെയർമാന്റെ 04.12.2013-ലെ കത്ത്.

**ഉത്തരവ്**

2014 ജനുവരിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള നിക്ഷേപസംഗമം പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ നഗരസഭകൾ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന അഭ്യർത്ഥനയാണ് പരാമർശം (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2014 ജനുവരിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള നിക്ഷേപസംഗമം പരിപാടിയുടെ നടത്തിപ്പിലേക്കായി സംസ്ഥാനത്തെ **മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വീതവും മുനിസിപ്പൽ കോർപ്പറേഷനുകളുടെ തനത് ഫണ്ടിൽ നിന്നും 7.50 ലക്ഷം രൂപ വീതവും അവയുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി** നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്)
ശ്രീ.ജമാൽ മണക്കാടൻ, ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള, വഴുതക്കാട്, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.